(d) has the Committee recommended for the abolition of Thiruppuvaram without payment of any compensation by the agriculturists ;

(e) has the Committee recommended that the continuance of the recovery of Thiruppuvaram from the agriculturists is unjust and is against the policy of the Government ;

(f) what is the recommendation of the Committee as to who should pay the compensation ;

(g) why there is so much delay in the implementation of the recommendations of the Committee ; and

(h) whether there is any connection between the Linguistic reorganisation of States and this delay ; if so, what is that ?

Chief Minister (SHRI PANAMPILLI GOVINDA MENON) :

(a) to (g) The report of the Moniamkaram Committee is under the consideration of Government. Hence the information cannot be divulged at this Stage.

(h) Absolutely not.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നിയമങ്ങളുടെ മലയാളവിവർത്തനം.

* 956. [38] ശ്രീ. എൻ. കുട്ടപ്പൻകോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തു നടപ്പിലിരിക്കുന്ന എല്ലാ തൊഴിൽനിയമങ്ങളും സാധാരണക്കാരായ തൊഴിലാളികൾക്കും മനസിലാക്കുന്നതിനു വേണ്ടി മാതൃഭാഷയായ മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നത്തേയ്ക്കു നടപ്പിൽ വരുമെന്നു പറയുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

എല്ലാ ലേബർ ആക്റ്റുകളുടെയും റൂളുകളുടെയും ചുരുക്കം മലയാളത്തിൽ ലഘു പുസ്തകങ്ങളായി പ്രസിദ്ധം ചെയ്യാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. അടുത്ത സാമ്പത്തികവർഷത്തിൽ ഈ പദ്ധതി നടപ്പിൽവരുത്തുന്നതിനു വേണ്ട നടപടികളെടുത്തുവരുന്നു.

ആഴ്ചപത്രികളും, ഡിസ്പെൻസറികളും.

* 957. [39] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾ സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ ഇവ മുഴുവനുമായോ, ഭാഗികമായോ സംഭാവന ചെയ്തതനുസരിച്ച് ആരംഭിക്കപ്പെട്ടതായി നമ്മുടെ സ്റ്റേറ്റിൽ എത്ര ആഴ്ചപത്രികളും, ഡിസ്പെൻസറികളുമുണ്ട് ; എവിടെയെല്ലാം ;